FRIDAY 14.06.2024 വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 14/06/2024

1. കേരള കർഷകതൊഴിലാളി ക്ഷേമനിധി ബോർഡ് തിരുവനന്തപുരം ജില്ലയിലെ വില്ലേജ് സിറ്റിങ്ങുകൾ 2024 ജൂൺ 14 മുതൽ 29 വരെ വിവിധ സ്ഥലങ്ങളിൽ നടക്കും. 18 മുതൽ 55 വയസ്സ് വരെ പ്രായമുള്ളവർക്ക് പുതിയതായി അംഗത്വം എടുക്കാനും, അംഗങ്ങൾക്ക് അംശദായം അടയ്ക്കാനുമുള്ള അവസരം വില്ലേജ് സിറ്റിങ്ങിൽ ഉണ്ടാകും. രാവിലെ 10 മണി മുതൽ ആരംഭിക്കുന്ന സിറ്റിങ്ങിൽ പുതുതായി അംഗത്വം എടുക്കുന്നവർ ആധാർ, റേഷൻ കാർഡ്, ബാങ്ക് പാസ്ബുക്ക് എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്, രേഖകളിൽ മേൽവിലാസം വ്യത്യാസം ഉണ്ടെങ്കിൽ വൺ ആൻഡ് സെയിം സർട്ടിഫിക്കറ്റ്, യൂണിയൻ സർട്ടിഫിക്കറ്റ്, 2 പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ സഹിതം പങ്കെടുക്കണമെന്ന് ക്ഷേമനിധി ബോർഡ് ജില്ലാ എക്സിക്യൂട്ടിവ് ഓഫീസർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ -0471 2729175, 8075649049.

2. തിരുവനന്തപുരം ജില്ലയിലെ രാത്രി കാല അടിയന്തിര മൃഗചികിത്സാ സേവനം പദ്ധതിയുടെ ഭാഗമായി ഒഴിവുള്ള 6 ബ്ലോക്കുകളിലേക്ക് വെറ്ററിനറി സർജൻമാരെ താത്കാലികടിസ്ഥാനത്തിൽ തിരഞ്ഞെടുക്കുന്നതിനായി 15/6/2024 ന് ഉച്ചയ്ക്ക് 2 മണിക്കും, ജില്ലയിലെ മൊബൈൽ വെറ്ററിനറി യൂണിറ്റുകളുടെ അത്യാവശ്യ സർവീസ് നടത്തുന്നതിലേക്കായി വെറ്ററിനറി സർജൻമാരെ നിയമിക്കുന്നതിലേക്കായി 15/6/2024ന് രാവിലെ 11 മണിക്കും, വെറ്ററിനറി സർജൻമാരുടെ വാക്ക് ഇൻ ഇന്റർവ്യൂ, തമ്പാനൂർ എസ് എസ് കോവിൽ റോഡുള്ള, ജില്ലാ മൃഗസംരക്ഷണ ഓഫീസിൽ വെച്ച് നടത്തുന്നു. കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിൽ രജിസ്ട്രേഷൻ ഉള്ള ഉദ്യോഗാർഥികൾക്ക് ഇന്റർവ്യൂവിൽ പങ്കെടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്കായി 04712330736 എന്ന നമ്പറിൽ

ബന്ധപെടാവുന്നതാണ്. ഇന്റർവ്യൂനു പങ്കെടുക്കുമ്പോൾ ബയോ ഡാറ്റയും സർട്ടിഫിക്കറ്റ് കളുടെ, അസ്സലും പകർപ്പുകളും, തിരിച്ചറിയൽ രേഖയും ഹാജരാക്കേണ്ടതാണ്.

3. കാർഷിക സർവകലാശാല വനശാസ്ത്ര കോളേജിലെ വന്യജീവി ശാസ്ത്ര വകുപ്പിലേക്ക് അസിസ്റ്റൻറ് പ്രൊഫസർ തസ്തികയിൽ കരാർ നിയമനത്തിനുള്ള അപേക്ഷ ക്ഷണിച്ചിരിക്കുന്നു. വൈൽഡ് ലൈഫ് സയൻസ്/ വൈൽഡ് ലൈഫ് ബയോളജി വിഷയത്തിലുള്ള മാസ്റ്റർ ബിരുദമാണ് യോഗ്യത. ഉദ്യോഗാർത്ഥികൾ deanforestry@kau.in എന്ന ഈമെയിൽ മുഖേന 21.06.2024 മുൻപായി അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. 24.06.2024 തീയതിയിൽ കാലാവസ്ഥ വ്യതിയാന പരിസ്ഥിതി ശാസ്ത്ര കോളേജ്, വെള്ളാനിക്കരയിൽ വച്ച് നടത്തുന്ന അഭിമുഖത്തിൽ പങ്കെടുക്കാവുന്നതുമാണ്. കൂടുതൽ വിവരങ്ങൾക്ക് www.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

4. കേരളസർക്കാർ ഫിഷറീസ് വകുപ്പ് മുഖാന്തിരം നടപ്പാക്കുന്ന പ്രധാനമന്ത്രി മത്സ്യസമ്പദ് യോജന (പി.എം.എം.എസ്.വൈ) പദ്ധതിയുടെ ഘടക പദ്ധതികളായ ബയോഫ്ളോക്ക് (എസ്.സി-1), മീഡിയം ഓർണമെൻറൽ ഫിഷ് റിയറിങ് യൂണിറ്റ് (ജി), മത്സ്യ സേവന കേന്ദ്ര (ജി), മത്സ്യവിപണനത്തിനുള്ള മോട്ടോർ സൈക്കിൾ വിത്ത് ഐസ്ബോക്സ് എന്നിവയിലേക്ക് താൽപര്യമുള്ള കർഷകരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. താൽപര്യമുള്ളവർ ജൂൺ 19 ന് മുമ്പായി രേഖകൾസഹിതം അതത് മത്സ്യഭവനുകളിലോ, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിലോ അപേക്ഷ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക്: 0494-2666428.

5. അന്താരാഷ്ട്ര MSME ദിനാചരണത്തിൻറെ ഭാഗമായി കേന്ദ്ര MSME മന്ത്രാലയത്തിന്റെ കീഴിൽ തൃശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന MSME

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

-ഡെവലൊപ്മെന്റ് & ഫെസിലിറ്റേഷൻ ഓഫീസ് 2024 ജൂൺ 27-ാം തീയതി ഓഫീസ് അങ്കണത്തിൽ വെച്ച് സെമിനാർ സംഘടിപ്പിക്കുന്നു. ജൂൺ 25 നു മുൻപായി ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് - എം എസ് എം ഇ -ഡെവലപ്മെന്റ് & ഫെസിലിറ്റേഷൻ ഓഫീസ്, കാഞ്ഞാണി റോഡ്, അയ്യന്തോൾ പി. ഒ; തൃശ്ശൂർ -680003. 0487-2360536, 2360686, 2360216, 8330080536; ഇ -മെയിൽ - dcdi-thrissur@dcmsme.gov.in

6. മൃഗസംരക്ഷണവകുപ്പ് മുഖേന മലപ്പുറം ജില്ലയിൽ മൊബൈൽ വെറ്ററിനറി യൂണിറ്റ് സേവനം ലഭ്യമാക്കുന്നതിന്റെ ഭാഗമായി നിലമ്പൂർ ബ്ലോക്കിലേക്ക് കരാർ അടിസ്ഥാനത്തിൽ വെറ്ററിനറി സർജനെ നിയമിക്കുന്നു. ബി.വി.എസ്.സി ആന്റ് എ.എച്ച് യോഗ്യതയും വെറ്ററിനറി കൗൺസിൽ രജിസ്ട്രേഷനുമുള്ളവർ 2024 ജൂൺ 19 ന് രാവിലെ 10.30 ന് ബയോഡാറ്റയും വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളും സഹിതം സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന ജില്ലാ മൃഗസംരക്ഷണ ഓഫിസിൽ അഭിമുഖത്തിനു ഹാജരാവണം. സെൻറർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റ് മുഖേന നിയമനം വരുന്നതുവരെയോ അല്ലെങ്കിൽ 90 ദിവസത്തേയ്ക്കോ ആയിരിക്കും നിയമനം. ഫോൺ 0483 2734917.

7. റബ്ബർപാലിന്റെ ഉണക്കത്തൂക്കം (ഡി.ആർ.സി.) നിർണയിക്കുന്നതിൽ റബ്ബർബോർഡ് നടത്തുന്ന ത്രിദിന സർട്ടിഫിക്കറ്റ് കോഴ്സ് കോട്ടയത്ത് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ (എൻ.ഐ.ആർ.റ്റി.) വെച്ച് ജൂൺ 19 മുതൽ 21 വരെയുള്ള തീയതികളിൽ നടക്കും. കൂടുതൽ വിവരങ്ങൾക്ക് 0481 2353127, 7306464582 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.